LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ബണ്ട് പുറമ്പോക്കിലെ നിലവിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം സംയുക്ത പരിശോധനയ്ക്ക ശേഷം 121 അർഹരായ കുടുംബാംഗങ്ങളുടെ ലിസ്റ്റ് മണക്കാട് വില്ലേജാഫീസർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത കക്ഷികൾക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി പതിവ് റിക്കാർഡുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി റീ-സർവ്വേ പ്രകാരം ഓരോ കുടുംബത്തിന്റെയും കൈവശഭൂമിയുടെ അളവ് നിശ്ചയിച്ച് സ്കെച്ച് ഉൾപ്പെടെയുള്ള മറ്റ് രേഖകൾ തയ്യാറാക്കുന്നതിലേക്കായി ഒരു പ്രത്യേക സർവ്വേ ടീമിനെ നിയോഗിക്കുന്നതിനായി ജില്ലാ സർവ്വേ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം സർവ്വേ നടപടികൾ പുരോഗമിച്ച് വരുന്നതുമാണ്. സർവ്വേ നടപടികൾ പൂർത്തിയായാലുടനെ പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

ട്രസ്റ്റുകളുടെ പേരിൽ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി

153(4784) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ട്രസ്റ്റുകളുടെ പേരിൽ കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി ഉണ്ടോ;

(ബി) പ്ലാന്റേഷൻ ഇല്ലാത്ത കൃഷി ഭൂമി ട്രസ്റ്റുകൾക്ക് എത്ര വിസ്തീർണ്ണം വരെ കൈവശം വയ്ക്കാമെന്ന് വെളിപ്പെടുത്താമോ;

(സി) പതിനഞ്ച് ഏക്കറിൽ കൂടുതൽ കൈവശം വച്ചിരിക്കുന്ന ട്രസ്റ്റുകളുടെ എണ്ണം വെളിപ്പെടുത്താമോ;

(ഡി) അവർക്ക് ഭൂപരിഷ്കരണ നിയമമനുസരിച്ച് ഇളവ് നൽകിയിട്ടുണ്ടോ; ഇതിൽ കൂടുതൽ ഭൂമി കൈവശമുള്ള ഏതെല്ലാം ട്രസ്റ്റുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഭൂപരിഷ്കരണ നിയമപ്രകാരം 10 സ്റ്റാൻഡേർഡ് ഏക്കർ (പരമാവധി 15 സാധാരണ ഏക്കർ)

(സി&ഡി) കോഴിക്കോട് ജില്ലയിൽ ശ്രീ. സത്യസായി ട്രസ്റ്റിന് 90 ഏക്കർ കൈവശം വയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളുടെ വിവരം ശേഖരിച്ചുവരുന്നു.